പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **207** — **16.08.2017** ൽ മറുപടിക്ക്

## ജൈവവ്യവസ്ഥയ്ക്ക് കോട്ടമുണ്ടാക്കുന്ന ഖനന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) പാറഖനനത്തിന് നിലവിലുള്ള വ്യവസ്ഥകൾ പുതുക്കി സർക്കാർ പുറത്തിറക്കിയ ഉത്തരവിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ ജൈവവ്യവസ്ഥയ്ക്ക് സാരമായ കോട്ടമുണ്ടാക്കുന്നതിന് വഴിതെളിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നിലവിലുള്ള നിയമത്തിൽ ഇളവ് അനുവദിക്കുന്നതിന് മുമ്പ് പാരിസ്ഥിതിക വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | (ബി) മൈനർ മിനറലുകളുടെ കൺസഷൺ സംബന്ധിച്ച ചട്ടങ്ങളിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ഖനനത്തിന് പാരിസ്ഥിതിക അനുമതി നൽകുന്നത് 2006 ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരമാണ്. കേന്ദ്ര സർക്കാരിനു മാത്രമേ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ ഭേദഗതി വരുത്തുവാൻ അധികാരമുള്ളൂ. അതുകൊണ്ടുതന്നെ പരിസ്ഥിതി വിദഗ്ധരുടെ അഭിപ്രായം ആരായേണ്ടതുണ്ടായിരുന്നില്ല. |
| (സി) പുതുക്കിയ ഉത്തരവിനെതിരെ എതിരഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ ഉത്തരവ് മരവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) പുതുക്കിയ ഭേദഗതി ഉത്തരവ് മരവിപ്പിക്കാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| (ഡി) അഞ്ച് ഹെക്ടറിൽ താഴെയുള്ള ക്വാറികൾക്ക് അനുമതി നൽകുന്നതിനുള്ള അവകാശം സംസ്ഥാനതല അതോറിറ്റിയിൽ നിന്നും ജില്ലാ പരിസ്ഥിതി നിർണ്ണയ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള തീരുമാനം എടുക്കുവാനുണ്ടായ കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ? | (ഡി) 5 ഹെക്ടറിൽ താഴെയുള്ള ക്വാറികൾക്ക് പാരിസ്ഥികാനുമതി നൽകുന്നതിനുള്ള അധികാരം സംസ്ഥാനതല അതോറിറ്റിയിൽ നിന്നും ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 14.09.2006 ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷനിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് വരുത്തിയ 15.01.2016 ലെ ഭേദഗതി പ്രകാരമാണ് ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് അധികാരം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**